## READ THE PARAGRAPH AND SELECT THE CORRECT ANSWER

കാട്ടിലെ രാജാവാണ് സിംഹം. ഒരിക്കൽ സിംഹം ഒരു മരച്ചുവട്ടിൽ കിടന്ന് ഉറങ്ങുകയായിരുന്നു.അപ്പോൾ ഒരു കടന്നൽ പറന്നുവന്ന് സിംഹത്തിന്റെ പുറത്തിരുന്നു കുത്തി വേദനിപ്പിച്ചു.സിംഹം അലറി വിളിക്കുന്നതു കേട്ടപ്പോൾ കടന്നലിന് സന്തോഷമായി. ഇത്ര ചെറുജീവിയായ തനിക്കു പോലും കാട്ടിലെ രാജാവിനെ വേദനിപ്പിക്കാൻ കഴിയും എന്നോർത്ത് കടന്നൽ പൊട്ടിച്ചിരിച്ചു.

- കാട്ടിലെ രാജാവാരാണ്?

| | |
|---|---|
| പുലി | സിംഹം |

- ആരാണ് സിംഹത്തിന്റെ പുറത്തു വന്നിരുന്നത്?

| | |
|---|---|
| കടന്നൽ | തേനീച്ച |

- എപ്പോളാണ് കടന്നലിന് സന്തോഷമായത്?

| | |
|---|---|
| സിംഹത്തിനെ കണ്ടപ്പോൾ | സിംഹം അലറി വിളിക്കുന്നതു കേട്ടപ്പോൾ |

- എന്തിനാണ് കടന്നൽ പൊട്ടിച്ചിരിച്ചത്?

| | |
|---|---|
| രാജാവ് അലറിയപ്പോൾ | ഇത്ര ചെറുജീവിയായ തനിക്കു പോലും കാട്ടിലെ രാജാവിനെ വേദനിപ്പിക്കാൻ കഴിയും എന്നോർത്തപ്പോൾ |

- സിംഹം എവിടെയാണ് ഉറങ്ങിയത്?

| | |
|---|---|
| മരച്ചുവട്ടിൽ | ഗുഹയിൽ |

LIVEWORKSHEETS